# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2671 06/12/2018 ൽ മറുപടിക്ക്

**ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത**

ചോദ്യം മറുപടി

ശ്രീ.ഒ. രാജഗോപാൽ കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശബരിമല സന്നിധാനത്തും പമ്പയിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിയ്ക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു എന്നറിയിക്കാമോ; | (എ) | 2018 ആഗസ്റ്റ് മാസം നടന്ന പ്രളയത്തിന് ശേഷം പമ്പയിൽ മിനിമം സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ആയതിനാൽ പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡുകൾ, 20,000 വാഹന ങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുന്നതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയിലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കു ന്നതിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കു ന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട്. ശബരിമല ദർശനത്തിന് എല്ലാ തീർത്ഥാടകർക്കും ഡിജിറ്റൽ ക്യൂ സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കേരള ഹൈക്കോടതിയുടെ പോലും രൂക്ഷ വിമർശനത്തിനു വിധേയമായ വീഴ്ചകളും അസാധാരണ നിയന്ത്രണങ്ങളും മൂലം ഭക്തരുടെ എണ്ണത്തിൽ ഉണ്ടായ ഗണ്യമായ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;ഇത് പരിഹരിയ്ക്കുവാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | തീർത്ഥാടകർക്ക് സമാധാനപരമായി ദർശനം നടത്തുന്നതിനുള്ള സുരക്ഷാ ക്രമീകരണങ്ങൾ മാത്രമാണ് ഒരുക്കിയിട്ടുള്ളത്. അക്കാരണത്താൽ തീർത്ഥാടകരുടെ കുറവ് ഉണ്ടായിട്ടില്ല. ഹൈക്കോടതി നിയോഗിച്ച നിരീക്ഷണ സമിതി ശബരിമലയിലെ സജ്ജീകരണങ്ങളിൽ തൃപ്തിരേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ